

# Bibin Thomas Chakkalackal

## We Lived in the Time of Father Vineeth



മാതാവിന്റെ കൈപിടിച്ച് നമ്മെ കാഴ്ച്ചക്കാരാക്കി സ്വർഗ്ഗത്തിന്റെ പിൻവാതിലിലൂടെ തമ്പുരാന്റെ സവിധത്തിലേക്ക് വിനീതച്ചൻ നടന്നകന്നു... അവസാനനാളുകളിൽ ഓർമ്മകൾ ഇടറിയപ്പോഴും ഇടറാതെ ജപമാല നെഞ്ചോട് ചേർത്ത്പിടിച്ച വിനീതച്ചനോടൊപ്പം ജപമാല ചൊല്ലി നമുക്കും ധൈര്യപൂർവ്വം പ്രാർത്ഥിക്കാം: "സ്വർഗ്ഗത്തിൽ ഒരു മദ്ധ്യസ്ഥനുണ്ടെന്ന ബോധ്യത്തോടെ ഉൽക്കണ്ഠകൂടാതെ ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ"എന്ന്.

വിനീത് എന്ന പേര് അച്ചന് ഒരു അലങ്കാരമായിരുന്നില്ല, മറിച്ച് ആത്മാവിഷ്ക്കാരമായിരുന്നു. അറിവിന്റെ ജ്ഞാനപീഠമേറിയിട്ടും വിനയം കൊണ്ട് അത്ഭുതപ്പെടുത്തിയ മനുഷ്യൻ. പോസ്റ്റുലൻസി കാലത്ത് അച്ചന്റെ സ്വപ്നഗേഹമായിരുന്ന വിദ്യാവനം ആശ്രമത്തിൽ ഒരു മാസം താമസിക്കാൻ ഭാഗ്യം കിട്ടി. പക്ഷെ അന്ന് അറിഞ്ഞിരുന്നില്ല കിട്ടിയ മഹാഭാഗ്യത്തിന്റെ ആഴവും വലിപ്പവും. ഫിലോസഫിയും, തിയോളജിയും, മിസ്റ്റിസിസവും ദഹിക്കാൻ പ്രായമാകാത്തതു കൊണ്ടാകാം... കളിയാക്കി ചിരിച്ചിരുന്നു. അതു കേട്ടിട്ടും ക്ഷമിക്കാനും പൊറുക്കാനും കാണിച്ച മനസ്സ് മനസ്സിലാക്കാൻ വർഷങ്ങൾ പലതും കഴിയേണ്ടിവന്നു. മനസ്സിലായപ്പോൾ വായിച്ചാൽ തീരാത്ത ഒരു സങ്കീർണ്ണ പുസ്തകം... എന്നാൽ ജീവിതം ലളിതവും മനോഹരവും. നവസന്യാസകാലത്ത് എജിദിയൂസച്ചൻ പറഞ്ഞതോർക്കുന്നു: "നന്മകളും അറിവുകളുമെല്ലാം പഠിക്കാനും അനുഭവിച്ചറിയാനും ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താത്തത് കുമ്പസാരത്തിൽ പറയേണ്ട പാപമാണ്." അടുത്ത തവണ കുമ്പസാരിക്കുമ്പോൾ ഏറ്റു പറയണം, വിനീതച്ചനെന്ന വ്യക്തിയെ പഠിക്കാതെ പോയതിന്... അദ്ദേഹം പകർന്ന് തന്ന തിരിനാളം അണച്ച് കളഞ്ഞതിന്... ആ വിനീതഹൃദയൻ ഊതി കത്തിച്ച കനൽ കെടാതെ സൂക്ഷിക്കാത്തതിന്... KGF എന്ന സിനിമയിൽ പറയുന്നത് പോലെ, "നമ്മൾ സ്വർണ്ണത്തിന്റെ പെട്ടി ചില്ലറക്കാശ് ഇടാനായിരുന്നു വച്ചിരുന്നത്!"

തോമസ് ഐക്കരയച്ചൻ എഴുതിയത് ഓർക്കുന്നു: ഒരു വിശുദ്ധന്റെ [കനിസിയൂസ് അച്ചന്റെ] കുമ്പസാരക്കാരനാകാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചിട്ടുണ്ട് എന്ന്. അതുപോലെ നമുക്കും പറയാനാകും: "ഒരു വിശുദ്ധന്റെ, മഹാപണ്ഡിതന്റെ സുവർണ്ണനാവിൽ നിന്നും ഗുരുവചനം കേൾക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ടെന്ന്..." വിനീതച്ചനടക്കമുള്ള മഹാരഥന്മാരോടുകൂടെ സഹവർത്തിക്കാൻ കഴിഞ്ഞതിൽ പരംഭാഗ്യം വേറെ എന്താണുള്ളത്. അഭിമാനത്തോടെ നമുക്കും പറയാം: "We walked with giants... We lived in the time of Father Vineeth, a man of simplicity and the one who hid behind Mother Mary..."